LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ബസുകളുടെ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ

305 (3817) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര ഷെഡ്യൂളുകൾ വീതം വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോകളിലെ ബസുകളുടെ കാലപ്പഴക്കവും സ്പെയർ പാർട്സുകളുടെ അപര്യാപ്തതയും കാരണം ദിനംപ്രതി നിരവധി സർവ്വീസുകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ. എസ്. ആർ. ടി. സി.-യെ മാത്രം ആശ്രയിക്കുന്ന മേഖലയിൽ ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു ഷെഡ്യൂളും വെട്ടിക്കുറച്ചില്ല. എന്നാൽ ബസിന്റെ കുറവുമൂലം ചില സർവ്വീസുകൾ അയയ്ക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്.

(സി) ആറ്റിങ്ങൽ, കിളിമാനൂർ പ്രദേശത്തെ ദേശസാൽകൃത മേഖലകളിൽ ആവശ്യത്തിന് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ഇപ്പോൾ നടത്തി വരുന്നുണ്ട്. എന്നിരുന്നാലും യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സർവ്വീസുകൾ ബസിന്റെ ലഭ്യത അനുസരിച്ച് ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി.ക്ക് പരിശോധിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ ബംഗളൂരുവിലെ ഓഫീസ്

306 (3818) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബംഗളൂരുവിൽ ഓഫീസ് പണിയാൻ കെ.എസ്.ആർ.ടി.സി ക്ക് എത്ര രൂപ ചെലവായെന്നും അതിന്റെ ആവശ്യകതയും അതിനായി ഒരുക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ബംഗളൂരുവിൽ കലാശിപാളയത്തിൽ ബി.എം.ടി.സി. വക സ്റ്റാന്റിൽ 1,73,800 രൂപ ചെലവിലും, ബംഗളൂരു ശാന്തി നഗറിലെ ബി.എം.ടി.സി. വക ബസ് സ്റ്റേഷനിൽ ഒരു ലക്ഷം രൂപ ചെലവിലും കെ.എസ്.ആർ.ടി.സി.യുടെ റിസർവേഷൻ കൗണ്ടറുകൾ തയ്യാറാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിൽ ബംഗളൂരുവിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്നതിന് 'ടി' കൗണ്ടറുകളിൽ ടിക്കറ്റ് റിസർവേഷൻ ചെയ്യുവാൻ ഉള്ള സൗകര്യം യാത്രക്കാർക്ക് ലഭ്യമാണ്.

ബംഗളൂരുവിൽ കെ.എസ്.ആർ.ടി.സി. അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറുടെ ഓഫീസിനായും, ജീവനക്കാരുടെ വിശ്രമ മുറിക്കും ഒരു കെട്ടിടത്തിന്റെ താഴത്തെ നിലയും ഏറ്റവും മുകളിലത്തെ ഒരു മുറിയും വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു ലക്ഷം രൂപ അഡ്വാൻസും നൽകിയിട്ടുണ്ട്. പ്രതിമാസം 16,000 രൂപ വാടകയായും നൽകി വരുന്നു. ബംഗളൂരുവിൽ നിന്നും കേരളത്തിലേയ്ക്കും തിരിച്ചുമുള്ള സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനും നിയന്ത്രിക്കുന്നതിനും എ.റ്റി.ഒ. ഓഫീസിന്റെ പ്രവർത്തനം ഗുണകരമാണെന്നാണ് വിലയിരുത്തുന്നത്.

സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ

307 (3819) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളാണ് ആരംഭിച്ചത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകൾ ഏതൊക്കെയെന്നും, ആരംഭിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ;

(സി) പുതുതായി രൂപീകരിച്ച താലൂക്കുകളിൽ പ്രസ്തുത ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) വെള്ളരിക്കുണ്ട് താലൂക്കിൽ ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്.